## പതിനാലാം കേരള നിയമസഭ

ആറാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2017 ജൂൺ 8, വ്യാഴം

**നമ്പർ 79**

രാവിലെ 9.00 മണിക്ക് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു (സഭാ നടപടികൾ ആരംഭിക്കുന്നതിനുമുൻപ് ദേശീയ ഗാനം ആലപിച്ചു)

പ്രത്യേക നിയമസഭാ സമ്മേളനം വിളിച്ചു ചേർത്തതിനെ സംബന്ധിച്ച് സ്പീക്കർ വിശദീകരിച്ചു.

ചട്ടം 130 പ്രകാരമുള്ള ഉപക്ഷേപം:

മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ചട്ടം 130 അനുസരിച്ച് താഴെപ്പറയുന്ന ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചു:

"സംസ്ഥാനങ്ങളുടെ അധികാരം കവർന്ന്, കന്നുകാലി കശാപ്പ് ഫലത്തിൽ വിലക്കിക്കൊണ്ട്, കേന്ദ്രസർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനംമൂലം സംസ്ഥാനത്തുളവാക്കിയിരിക്കുന്ന ഗുരുതരമായ സ്ഥിതി വിശേഷം ഈ സഭ ചർച്ച ചെയ്യണം".

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. വി. എസ്. അച്യുതാനന്ദൻ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ഡോ. എം. കെ. മുനീർ

ശ്രീ. എസ്. ശർമ്മ

ശ്രീ. കെ. എം. മാണി

ശ്രീ. രാജു എബ്രഹാം

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. സി. കെ. നാണു

KNPP. 1049/2017(i).

ശ്രീ. ഒ. രാജഗോപാൽ

ശ്രീ. എ. കെ. ശശീന്ദ്രൻ

ശ്രീ. എ. എം. ആരിഫ്

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. പി. സി. ജോർജ്

ശ്രീ. ഇ. പി. ജയരാജൻ

ശ്രീ. രമേശ് ചെന്നിത്തല, പ്രതിപക്ഷ നേതാവ്.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജു, ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്, മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ എന്നിവർ മറുപടി പറഞ്ഞു. അവതരിപ്പിക്കപ്പെട്ട ഉപക്ഷേപം സംബന്ധിച്ച് സ്പീക്കർ പ്രത്യേക പരാമർശം നടത്തി. തുടർന്ന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ചട്ടം 275 അനുസരിച്ച് താഴെപ്പറയുന്ന സബ്സ്റ്റാൻന്റീവ് മോഷൻ അവതരിപ്പിച്ചു.

"2017 മേയ് 23-ന് കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്ത The Prevention of Cruelty to Animals (Regulation of Livestock Markets) Rules, 2017 മൃഗങ്ങളോടുള്ള ക്രൂരത തടയൽ നിയമം 1960-ന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് വിരുദ്ധവും ചട്ടങ്ങൾ നിർമ്മിക്കുന്നതിനുള്ള അധികാരത്തിന്റെ തികഞ്ഞ ദുർവിനിയോഗവുമാണ്. ഭരണഘടനയുടെ ഏഴാം പട്ടികയിലെ രണ്ടാം ലിസ്റ്റിൽ സംസ്ഥാന വിഷയങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങളെ സംബന്ധിച്ചിട്ടുള്ളതാണ് പ്രസ്തുത ചട്ടങ്ങൾ. കേന്ദ്രസർക്കാരിന്റെ ഈ വിജ്ഞാപനം ഭരണഘടനയുടെ അടിസ്ഥാന ഘടകങ്ങളിലൊന്നായ ഫെഡറൽ സംവിധാനത്തെ അട്ടിമറിക്കുന്നു. ലക്ഷക്കണക്കിനാളുകളുടെ ഉപജീവനമാർഗ്ഗം ഇല്ലാതാക്കുകയും തൊഴിലെടുക്കാനുള്ള അവകാശത്തിന്മേൽ അന്യായമായ നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കുകയും ചെയ്യുന്ന പ്രസ്തുത ചട്ടങ്ങൾ ഭരണഘടനയുടെ അനുച്ഛേദം 19(1) (ജി)-യുടെ നഗ്നമായ ലംഘനമാണ്.

സംസ്ഥാനങ്ങളുടെ കാർഷിക സമ്പദ്ഘടനയെ പാടെ തകർക്കുകയും ഭക്ഷ്യ സുരക്ഷയ്ക്ക് ഭീഷണി ഉയർത്തുകയും കന്നുകാലികളുടെ സ്വതന്ത്രമായ വിനിമയം തടയുകയും ചെയ്യുന്ന 2017-ലെ ചട്ടങ്ങൾ അടിയന്തരമായി പിൻവലിക്കണമെന്നും സംസ്ഥാന വിഷയങ്ങളിൽ നയരൂപീകരണവും നിയമനിർമ്മാണവും നടത്തുന്നതിനുള്ള ഓരോ സംസ്ഥാനത്തിന്റെയും അവകാശം പൂർണ്ണമായി അംഗീകരിക്കണമെന്നും ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു."

സബ്സ്റ്റാൻന്റീവ് മോഷൻ സഭ പാസ്സാക്കി.

സഭാനടപടികളുടെ അവസാനം ദേശീയഗാനം ആലപിച്ചു.

ഉച്ചക്ക് 12.00 മണിക്ക് സഭ അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Sixth Session**

# BULLETIN—PART I

(Brief Record of proceedings)

*Thursday, June 8, 2017*

**No. 79**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

(National Anthem was sung before the commencement of the proceedings)

The Speaker made reference regarding the special sitting of the Assembly.

*Motion under Rule 130:*

Shri Pinarayi Vijayan, Chief Minister moved the following motion under Rule 130 and spoke:

"സംസ്ഥാനങ്ങളുടെ അധികാരം കവർന്ന്, കന്നുകാലി കശാപ്പ് ഫലത്തിൽ വിലക്കിക്കൊണ്ട്, കേന്ദ്രസർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനംമൂലം സംസ്ഥാനത്തുളവാക്കിയിരിക്കുന്ന ഗുരുതരമായ സ്ഥിതി വിശേഷം ഈ സഭ ചർച്ച ചെയ്യണം".

The following Members took part in the discussion:

Shri V. S. Achuthanandan

Shri Thiruvanchoor Radhakrishnan

Shri Mullakkara Retnakaran

Dr. M. K. Muneer

Shri S. Sarma

Shri K. M. Mani

Shri Raju Abraham

Shri Anoop Jacob

Shri C. K. Nanu

KNPP. 1049/2017(ii).

Shri O. Rajagopal

Shri A. K. Saseendran

Shri A. M. Ariff

Shri K. B. Ganesh Kumar

Shri P. C. George

Shri E. P. Jayarajan

Shri Ramesh Chennithala, Leader of opposition

Shri K. Raju, Minister for Forest, Animal Husbandary and Zoo, DR. T. M. Thomas Isaac, Minister for Finance and Coir and Shri Pinarayi Vijayan, the Chief Minister replied to the points raise in the discussion. The Speaker make special reference on the moved motion. Then Shri Pinarayi Vijayan, the Chief Minister moved the following Substantive Motion under Rule 275.

"2017 മെയ് 23-ന് കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്ത The Prevention of Cruelty to Animals (Regulation of Livestock Markets) Rules, 2017 മൃഗങ്ങളോടുള്ള ക്രൂരത തടയൽ നിയമം 1960-ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധവും ചട്ടങ്ങൾ നിർമ്മിക്കുന്നതിനുള്ള അധികാരത്തിന്റെ തികഞ്ഞ ദുർവിനിയോഗവുമാണ്. ഭരണഘടനയുടെ ഏഴാം പട്ടികയിലെ രണ്ടാം ലിസ്റ്റിൽ സംസ്ഥാന വിഷയങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങളെ സംബന്ധിച്ചിട്ടുള്ളതാണ് പ്രസ്തുത ചട്ടങ്ങൾ. കേന്ദ്രസർക്കാരിന്റെ ഈ വിജ്ഞാപനം ഭരണഘടനയുടെ അടിസ്ഥാന ഘടകങ്ങളിലൊന്നായ ഫെഡറൽ സംവിധാനത്തെ അട്ടിമറിക്കുന്നു. ലക്ഷക്കണക്കിനാളുകളുടെ ഉപജീവനമാർഗ്ഗം ഇല്ലാതാക്കുകയും തൊഴിലെടുക്കാനുള്ള അവകാശത്തിന്മേൽ അന്യായമായ നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കുകയും ചെയ്യുന്ന പ്രസ്തുത ചട്ടങ്ങൾ ഭരണഘടനയുടെ അനുച്ഛേദം 19(1) (ജി)യുടെ നഗ്നമായ ലംഘനമാണ്.

സംസ്ഥാനങ്ങളുടെ കാർഷിക സമ്പദ്ഘടനയെ പാടെ തകർക്കുകയും ഭക്ഷ്യ സുരക്ഷയ്ക്ക് ഭീഷണി ഉയർത്തുകയും കന്നുകാലികളുടെ സ്വതന്ത്രമായ വിനിമയം തടയുകയും ചെയ്യുന്ന 2017-ലെ ചട്ടങ്ങൾ അടിയന്തരമായി പിൻവലിക്കണമെന്നും സംസ്ഥാന വിഷയങ്ങളിൽ നയരൂപീകരണവും നിയമനിർമ്മാണവും നടത്തുന്നതിനുള്ള ഓരോ സംസ്ഥാനത്തിന്റേയും അവകാശം പൂർണ്ണമായി അംഗീകരിക്കണമെന്നും ഈ സഭ കേന്ദ്രസർക്കാരിനോട് അവശ്യപ്പെടുന്നു."

The substantive Motion was adopted by the House.

National Anthem was sung after the proceedings.

The House adjourned sine die at 12.00 noon.

V. K. BABU PRAKASH,
*Secretary.*